3. മൺമറഞ്ഞു കൊണ്ടിരിക്കുന്ന പരമ്പരാഗത കെട്ടിട നിർമ്മാണ ശൈലിയെ പുനരാവിഷ്കരിക്കുന്നതിനായി പി.ടി.പി. നഗറിലെ സംസ്ഥാന നിർമ്മിതികേന്ദ്രം കാമ്പസിൽ ഒരു ഹെറിറ്റേജ് സോൺ പൊതുജനങ്ങൾക്ക് നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനായി സ്ഥാപിച്ചിട്ടുണ്ട്.

## തഴക്കര ഗ്രാമപഞ്ചായത്തിൽ വ്യവസായ വകുപ്പിന്റെ കൈവശമുള്ള ഭൂമി കൈമാറ്റം

195 (3349) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തഴക്കര ഗ്രാമപഞ്ചായത്തിൽ വ്യവസായ വകുപ്പിന്റെ കൈവശമുള്ള ഭൂമിയുടെ വിശദാംശങ്ങൾ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിലെയും ഗ്ലാസ് ഫാക്ടറി പ്രദേശത്തെയും ഉൾപ്പെടെ ലഭ്യമാക്കുമോ;

(ബി) ഈ പ്രദേശത്ത് വ്യവസായ വകുപ്പിന്റെ കൈവശമുള്ള ഭൂമി ഏതൊക്കെ വ്യക്തികൾക്ക് എത്ര വീതമാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) ഇതിന് സ്വീകരിച്ച മാനദണ്ഡം വിശദമാക്കുമോ;

(ഡി) ഓരോ വസ്തുവിനും എന്ത് വിപണിമൂല്യം കണക്കാക്കിയാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഇ) വ്യവസായ വകുപ്പിന്റെ കൈവശം ബാക്കിയുള്ള ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) തഴക്കര ഗ്രാമപഞ്ചായത്തിൽ കൊല്ലക്കടവിൽ സിഡ്കോയുടെ കീഴിൽ ഒരു വ്യവസായ എസ്റ്റേറ്റ് നിലവിലുണ്ട്. തഴക്കര ഗ്രാമപഞ്ചായത്തിൽ കൊല്ലക്കടവ് ഡെവലപ്മെന്റ് ഏരിയായിൽ 16.22 ഏക്കർ സ്ഥലവും കൂടാതെ ഐ.സി. ഗ്ലാസ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ എസ്.ഇൻഡ്(എ) 17-ന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന 38.80 ആർ സ്ഥലം ലിക്വിഡേഷൻ നടപടികളെ തുടർന്ന് ആലപ്പുഴ മിനി വ്യവസായ എസ്റ്റേറ്റ് സഹകരണ സംഘം എസ്. ഇൻഡ്(എ) 107.08/08/2002-ൽ വിലയ്ക്ക് വാങ്ങിയിരുന്നതും വ്യവസായ വകുപ്പിന്റെ കൈവശമുണ്ട്.

(ബി) മാവേലിക്കര മിനി വ്യവസായ എസ്റ്റേറ്റിൽ താഴെപ്പറയുന്ന വ്യവസായികൾക്ക് സ്ഥലം അനുവദിച്ചിട്ടുണ്ട്.

1. ശ്രീ. ഷാജഹാൻ, മെ.റിജന്റ് അലുമിനിയം ഫാബ്രിക്കേഷൻ പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്-20 സെന്റ്.

2. ശ്രീ. കെ. ആർ. ബാബുരാജ്, മെ.ഹൈ ടെക് എഞ്ചിനീയറിംഗ് -10 സെന്റ്

3. ശ്രീമതി സോഫി ബി. രാജ്, മെ.സോപാനം എന്റർപ്രൈസസ് -10 സെന്റ്

കൊല്ലകടവ് വികസന ഏരിയായിൽ സ്ഥലം അനുവദിച്ചതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) 5-4-1969 ലെ ജി.ഒ.(എംഎസ്) നമ്പർ 169/69/ഐ.ഡി. ഉത്തരവ് പ്രകാരമാണ് വികസന ഏരിയായിൽ വ്യവസായ സംരംഭകർക്ക് ഭൂമി അനുവദിച്ച് നൽകുന്നത്. വ്യവസായ സംരംഭകർ സമർപ്പിക്കുന്ന പ്രോജക്ട് റിപ്പോർട്ട്, അപേക്ഷിച്ച സ്ഥലത്തിന്റെ ആവശ്യകത, അപേക്ഷകന്റെ സാമ്പത്തിക ശേഷി, ഡെവലപ്മെന്റ് ഏരിയയിൽ ടി പ്രോജക്ട് അനുയോജ്യമാണോ തുടങ്ങിയ വിവരങ്ങൾ ഡിസ്ട്രിക്ട് ലെവൽ പ്രോജക്ട് അപ്രൈസൽ കമ്മിറ്റി പരിശോധിക്കുകയും ആവശ്യക്കാരെ ഇന്റർവ്യൂ നടത്തി തയ്യാറാക്കുന്ന മുൻഗണനാ പട്ടിക പ്രകാരം ലഭ്യമായ സ്ഥലത്തിന്റെ അടിസ്ഥാനത്തിൽ വ്യവസായ സംരംഭകർക്ക് സ്ഥലം അനുവദിച്ച് നൽകുകയാണ്. മിനി വ്യവസായ എസ്റ്റേറ്റ് സഹകരണ സംഘത്തിൽ, വ്യവസായ വാണിജ്യ ഡയറക്ടറുടെ ഷെഡ്ഡ്/സ്ഥലം അലോട്ട്മെന്റ് വ്യവസ്ഥകളുടെയും സംഘം ബൈലാ പ്രകാരവും നേരിട്ടും പത്ര പരസ്യം മുഖാന്തിരവും അപേക്ഷ ക്ഷണിച്ച് സംരംഭകരെ സംഘം മാനേജിംഗ് കമ്മിറ്റി ഇന്റർവ്യൂ നടത്തി അനുയോജ്യരായവർക്ക് സ്ഥലവും ഷെഡ്ഡുകളും അനുവദിക്കുന്നു.

(ഡി) കൊല്ലകടവ് വികസന ഏരിയായിൽ സെന്റിന് 4026 രൂപയും മാവേലിക്കര മിനി വ്യവസായ എസ്റ്റേറ്റിൽ സെന്റിന് 1,27,000 രൂപ പ്രകാരവുമാണ് സ്ഥലം അനുവദിച്ചിട്ടുള്ളത്.

(ഇ) കൊല്ലകടവ് വികസന ഏരിയയിൽ (common amenities) -1.83 ഏക്കർ സ്ഥലമുണ്ട്. ഇവിടെ 0.471 ഏക്കർ സ്ഥലം ഒഴിഞ്ഞുകിടക്കുന്നു. മാവേലിക്കര മിനി വ്യവസായ എസ്റ്റേറ്റിൽ 38.80 ആറിൽ 40 സെന്റ് ഒഴികെ ബാക്കിയുണ്ട്.

**വി.മിഷൻ കേരള**

196 (3350) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.



LIBRARY ARCHIVES Kerala Legislative Assembly